
സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316



# തിണപരികല്പന – എസ്. കെ. പൊറ്റെക്കാട്ടിന്റെ സമാഗമം എന്ന കഥയെ അടിസ്ഥാനമാക്കിയുള്ള പഠനം

**സ്റ്റെഫിൻ നാരായണൻ***

**സംഗ്രഹം**

സ്ത്രീപുരുഷപ്രണയം വിവിധ തലങ്ങളിൽ ആവിഷ്കരിക്കുന്ന കഥകളിലൂടെയാണ് തുടക്കകാലത്ത് എസ്.കെ. പൊറ്റെക്കാട്ട് മലയാളവായനാസമൂഹത്തിൽ സ്വീകാര്യത നേടിയത്. പ്രണയവും പ്രണയഭംഗവും അനുഭവിക്കുന്ന സ്ത്രീകളുടെ മനോവികാരത്തെയും പ്രതികരണങ്ങളെയും കഥകളിലവതരിപ്പിച്ചുകൊണ്ടാണ് ഈ നേട്ടം അദ്ദേഹം കൈവരിച്ചത്. പ്രണയത്തിന്റെ ഗാഢാനുഭവം, പ്രണയം സൃഷ്ടിക്കുന്ന അനുഭൂതിലോകം മനുഷ്യനെ മാറ്റിമറിക്കുന്നത്, പ്രണയം ജീവിതത്തിൽ ഇടപെടുന്നത് എങ്ങനെ എന്നീ കാര്യങ്ങൾ പ്രണയകഥകളിലൂടെ എസ്.കെ. പൊറ്റെക്കാട്ട് ആഖ്യാനം ചെയ്യുന്നു. കഥകളിലെ സ്ഥലനിർമ്മിതിയിൽ സവിശേഷശ്രദ്ധ പുലർത്തിയ എഴുത്തുകാരൻ കൂടിയാണ് അദ്ദേഹം. പ്രകൃതിയുടെ മനോഹാരിതയും ഗ്രാമീണ ചുറ്റുപാടുകളും അദ്ദേഹത്തിന്റെ കഥകളിൽ കടന്നുവരുന്നു. ഇത്തരത്തിൽ, പ്രണയാവസ്ഥകളെ ദേശവും കാലവും സമയവുമായി കൂട്ടിയിണക്കുന്ന തൊൽക്കാപ്പിയരുടെ തിണസിദ്ധാന്തവുമായി എസ്.കെ. പൊറ്റെക്കാട്ടിന്റെ 'സമാഗമം' എന്ന കഥയ്ക്കുള്ള ചേർച്ച പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** തിണസിദ്ധാന്തം – മുതൽപ്പൊരുൾ – കരുപ്പൊരുൾ – ഉരിപ്പൊരുൾ

നീലഗിരി മലകളിൽ ജീവിക്കുന്ന മനുഷ്യരെ കേന്ദ്രകഥാപാത്രങ്ങളാക്കി എഴുതപ്പെട്ട കഥയാണ് എസ്.കെ. പൊറ്റെക്കാട്ടിന്റെ 'സമാഗമം' (1942). പ്രകൃതിയും മനുഷ്യരും തമ്മിലെ ബന്ധങ്ങളും ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവിതരീതികളും അവർക്കിടയിൽ സംഭവിക്കുന്ന പ്രണയബന്ധങ്ങളുമാണ് പ്രതിപാദ്യം. ഭൂമിശാസ്ത്രപരമായി പശ്ചിമഘട്ട മലനിരകളുടെ ഭാഗമായതും, സവിശേഷമായ ആവാസ മേഖലയിലെ ജീവിതസംസ്കൃതിയെ സൂക്ഷ്മതയോടെ ആവിഷ്കരിക്കുകയും ചെയ്യുന്ന കഥയാണ് 'സമാഗമം'. ആവാസവ്യവസ്ഥയിലെ ഒരു ഘടകമെന്ന നിലയിൽ പ്രകൃതിയിലുണ്ടാകുന്ന കരണപ്രതികരണങ്ങൾ മനുഷ്യന്റെ സ്വഭാവത്തെയും അവന്റെ വികാരവിചാരങ്ങളെയും സ്വാധീനിക്കുകയെന്നത് സ്വാഭാവികമാണ്.

* ഗവേഷകൻ, മലയാളവിഭാഗം, കേരളസർവ്വകലാശാല

 ISSN No: 3049-0316 

തിണയെ തൊൽക്കാപ്പിയർ രണ്ടായി വിഭജിക്കുന്നു. അകമെന്നും പുറമെന്നും. മുല്ല, കുറുഞ്ചി, പാല, മരുതം, നെയ്തൽ, കൈക്കിള, പെരുന്തിണ എന്നിങ്ങനെ അകത്തിണ ഏഴാണ്. ഇവയിൽ മുല്ല, കുറുഞ്ചി, പാല, മരുതം, നെയ്തൽ എന്നിവ ദേശപ്രകൃതിയെ പ്രതിനിധാനം ചെയ്യുന്നു. മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നീ മൂന്നു ഘടകങ്ങൾ ഓരോ തിണയിലും കാണാം. സ്ഥലത്തെയും കാലത്തെയും കുറിക്കുന്നതാണ് മുതൽപ്പൊരുൾ. കാലത്തെ ഋതുക്കളായും അഞ്ചു സമയക്രമമായി ദിവസത്തെയും വിഭജിക്കുന്നു. സ്ഥലകാലങ്ങൾക്കു കഥാപാത്രസ്വത്വത്തെ നിർണ്ണയിക്കുന്നതിൽ പ്രാധാന്യമുണ്ടെന്നാണ് ഇതു കാണിക്കുന്നത്. കഥാപാത്രങ്ങളും പ്രകൃതിയും ആവാസവ്യവസ്ഥയുമാണ് കരുപ്പൊരുൾ. ദൈവം, മൃഗം, ആഹാരം, മരം, പക്ഷി, വാദ്യം, ആളുകൾ, തൊഴിൽ, രാഗം, നായകൻ, പൂവ് എന്നിവ കരുക്കളിൽ ഉൾക്കൊള്ളുന്നു. ഉരിയാകട്ടെ പാട്ടിൽ ആവിഷ്കരിക്കപ്പെടുന്ന ഭാവ/വികാരങ്ങളും ആകുന്നു. തിണകൾ മാറുന്നതിനനുസരിച്ച് മുതൽ, കരു, ഉരി എന്നിവയും മാറുന്നു. മുല്ലൈപ്പാട്ടിൽ ഇരുത്തൽ/ഏകാന്തവിലാപം, കുറിഞ്ചിയിൽ പുണർതൽ /സംയോഗം, പാലൈപ്പാട്ടിൽ പിരിതൽ/ വിയോഗം, മരുതത്തിൽ ഊടൽ/പരിഭവം, നെയ്തൽപ്പാട്ടിൽ ഇരങ്കൽ/ ഏകാന്തവിലാപം എന്നിങ്ങനെയാകുന്നു ഐന്തിണകളിൽ ആവിഷ്കരിക്കുന്ന പ്രണയ ഭാവങ്ങൾ അഥവാ ഉരിപ്പൊരുൾ. ദേശവുമായി ബന്ധമില്ലാത്തതോ ഏതു തിണയിലും സംഭവിക്കുന്നതോ ആയ പ്രണയങ്ങളാണ് കൈക്കിളയും പെരുന്തിണയും.

അകത്തിണയ്ക്കു സമാന്തരമായി പുറത്തിലും ഏഴു തിണകളെ തൊൽക്കാപ്പിയർ പരാമർശിക്കുന്നു. പാടാൺ, വഞ്ചി, വെട്ചി, വാകൈ, ഉഴിഞൈ, തുമ്പൈ, കാഞ്ചി എന്നിവയാണവ. അകത്തിണയിലെപ്പോലെ പൂക്കളുടെയും മരങ്ങളുടെയും പേരുകളാണ് പുറത്തിണകൾക്കും തൊൽക്കാപ്പിയർ നൽകിയിരിക്കുന്നത്. ഈ ഏഴു തിണകളി ലവതരിപ്പിക്കേണ്ട വിഷയങ്ങളും അവയുടെ ഉൾപ്പിരിവുകളുമുണ്ട്. തുറൈ എന്ന് ഇതറിയപ്പെടുന്നു. വീരത്വം കേന്ദ്രപ്രമേയമാക്കുന്ന പടപ്പാട്ടുകളാണ് പുറംകവിതകൾ. രാജാക്കന്മാരുടെ യുദ്ധങ്ങൾ, പടയാളികൾ, വിജയാഘോഷങ്ങൾ, കൊള്ളകൾ, വിഭവവിതരണം, പുനർവിതരണം, പടക്കളത്തിലെ തിമിർപ്പ്, വേദന, മരണം, വിലാപം തുടങ്ങിയവയെല്ലാമാണ് പുറംപാട്ടുകളിൽ പൊതുവായി ആവിഷ്കരിക്കുന്നത്. സാമൂഹികജീവിതം പ്രമേയമായി കാവ്യരചന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പുറത്തിണ ഇയലിൽ വിശദമായി ചർച്ച ചെയ്യുന്നു. മനുഷ്യനും പ്രകൃതിയും കവിതയും തമ്മിലുള്ള ജൈവബന്ധത്തിലാണ് പുറത്തിണകളിലും തൊൽക്കാപ്പിയർ ഊന്നുന്നത്. ചുരുക്കത്തിൽ, തിണസിദ്ധാന്തം കാവ്യസംസ്കാരത്തെയും കാവ്യരീതിയെയുമാണ് സൂചിപ്പിക്കുന്നത്. സംഘം കവിതകളുടെ പ്രധാന ചേരുവയായി സ്ഥലരാശി അഥവാ ഭൂപ്രകൃതി മാറുന്നു. പലപ്പോഴുമത് മാനുഷികവികാരങ്ങളുടെ പ്രതീകമെന്ന നിലയിലാണ് കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്നത്തെ സാഹിത്യത്തെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. സ്ഥലം, കാലം, കഥാപാത്രങ്ങൾ, പ്രമേയം എന്നിവയുടെ പാരസ്പര്യം സാഹിത്യത്തിലെ ചർച്ചാവിഷയമാണ്. അതിനാൽ എസ്. കെ. പൊറ്റെക്കാട്ടിന്റെ 'സമാഗമം' എന്ന ചെറുകഥ തിണസിദ്ധാന്തത്തിന്റെ പ്രയോഗസാധ്യതയെ മുൻനിർത്തി വിശകലനം ചെയ്യുവാൻ പര്യാപ്തമാണെന്നു പറയാം.

'സമാഗമ'ത്തിലെ അകത്തിണ കുറിഞ്ചിയാണ്. കുറിഞ്ചിത്തിണയുടെ സ്വഭാവവും മനുഷ്യപ്രകൃതിയും ഉൾക്കൊള്ളുന്നയിടമാണ് കഥയുടെ പശ്ചാത്തലത്തിലവതരിപ്പിക്കുന്ന നീലഗിരി മലനിരകൾ. സ്ഥലത്തെപ്പറ്റിയുള്ള വ്യക്തമായ സൂചനയോടെ 'സമാഗമം' ആരംഭിക്കുന്നുവെന്നു പറയാം. നീലഗിരിജില്ലയുടെ ഒരു കോണിൽ, നീലമലകളുടെ കുന്നിന്റെ നിറുകയിൽ സ്ഥിതി ചെയ്യുന്ന തൊതവരുടെ കുടിലുകളുടെ ചിത്രമാണ് കഥയുടെ തുടക്കത്തിൽ കാണുന്നത്. ഏഴായിരത്തിയഞ്ഞൂറടി ഉയരത്തിലാണ് അവരുടെ കുടിലുകളുള്ളതെന്നും, തൊതവരവിടെ ഒറ്റപ്പെട്ടും സ്വാതന്ത്ര്യത്തോടെയുമാണ് ജീവിക്കുന്നതെന്നും കഥാകാരൻ വിശദമാക്കുന്നു. കൂടാതെ ഗിരിശൃംഗങ്ങളിലെ പൈൻമരക്കാടുകൾ, ചന്ത കൂടുന്ന ചൊവ്വാഴ്ചദിവസം കുന്നിറങ്ങിപ്പോകുന്ന തൊതവരുടെ സംഘം എന്നിങ്ങനെയുള്ള സ്ഥലപരമായ സൂചനകളും കഥയിൽ ലഭ്യമാണ്. ഇതുപോലെ കാലത്തെ സംബന്ധിച്ചുള്ള വിവരവും ചില വർണ്ണനകളിലൂടെ കഥയിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. കുന്നിൻപള്ളയെ ഉരുമ്മിക്കൊണ്ടു കടന്നുപോകുന്ന മൂടൽമഞ്ഞിൻപടലം, മഞ്ഞുകൊണ്ടു മങ്ങിക്കിടക്കുന്ന മലഞ്ചെരിവുകൾ, തണുത്തുകിടക്കുന്ന താഴ്വാരങ്ങൾ എന്നീ പരാമർശങ്ങൾ കുളിർകാലത്തെ കാണിക്കുന്നു. കഥാഗതിയിലെ പ്രധാനസംഭവമായ നായകനും നായികയും ഒരുമിച്ചു ജീവിക്കാനിറങ്ങിപ്പുറപ്പെടുന്ന സമയം രാത്രിയുടെ മധ്യഭാഗവുമാണ്. കുറിഞ്ചി ത്തിണയിൽ മുതൽപ്പൊരുളിലെ സ്ഥലമായി പരിഗണിക്കുന്നത് മലമ്പ്രദേശവും, കാലം കുളിർകാലവും, സമയം രാത്രിയുടെ മധ്യഭാഗവുമാണ്. അതിനാൽ 'സമാഗമം' കഥയിലെ മുതൽപ്പൊരുൾ കുറിഞ്ചിത്തിണയിൽ തൊൽക്കാപ്പിയർ അവതരിപ്പിക്കുന്ന സ്ഥലകാലങ്ങളുമായും സമയവുമായും ചേർന്നുവരുന്നുണ്ടെന്നു കാണാനാവും.

കരുക്കളെല്ലാം ഒന്നിച്ച് ഒരു പാട്ടിൽത്തന്നെ ചിത്രീകരിക്കപ്പെടാറില്ല. അതായത് തിണയിൽ ഉൾക്കൊള്ളുന്ന കരുക്കളിൽ ഏതെങ്കിലും ചിലതുമാത്രമേ കൃതികളിൽനിന്നും കണ്ടെത്താൻ സാധിക്കുള്ളൂ. ഇവിടെ 'സമാഗമം' എന്ന കഥയിൽ ഭക്ഷണം കരുവെന്ന രീതിയിൽ പരിഗണിക്കാൻ സാധിക്കും. പർക്കുർ എന്ന കഥാപാത്രം തന്റെ കുടിലിലേക്കു ഭക്ഷണസാമഗ്രികളുമായി എത്തിച്ചേരുന്ന രംഗം കഥയിലുണ്ട്. അവ കാട്ടുകിഴങ്ങുകളും മലവാഴയുടെ ഇലയിൽ പൊതിഞ്ഞ മുളങ്കാമ്പുമാണ്. ഭക്ഷ്യയോഗ്യമായ ഈ ആഹാരസാധനങ്ങൾ പർക്കുർ ശേഖരിക്കുന്നതു വനത്തിൽനിന്നുമാണെന്നു മനസ്സിലാക്കാനാവും. കുറിഞ്ചിത്തിണയിലെ കരുവായ ഭക്ഷണം വനവിഭവങ്ങളാണ്. അതിനാൽ കഥയിൽ സൂചിതമാകുന്ന ഭക്ഷണവസ്തുക്കൾ തിണയിൽ പരാമർശിക്കുന്ന കരുവുമായി ഒത്തുപോകുന്നുവെന്നു പറയാൻ സാധിക്കുന്നു.

കുറിഞ്ചിത്തിണയുടെ ഭാവം പുണർതൽ അഥവാ സംയോഗമാണ്. തിണയുടെ ഉരിപ്പൊരുളിൽ കാമുകീകാമുകന്മാർ ആദ്യമായി കണ്ടുമുട്ടുന്നതും പ്രണയത്തിലാകുന്നതും മാനസികവും ശാരീരികവുമായ സംഗമത്തിൽ ഏർപ്പെടുന്നതുമാണ് മുഖ്യപ്രമേയങ്ങളായി അവതരിപ്പിക്കുന്നത്. ഈ കഥയുടെ പ്രമേയം പരിശോധിക്കുമ്പോൾ, കുറിഞ്ചി ത്തിണയിലെ ഭാവമായ സംയോഗമാണ് കഥയുടെ ആഖ്യാനപരിസരങ്ങളിൽ ആവിഷ്കരിക്കുന്നതെന്നു കാണാം.

പ്രധാനമായും മൂന്നു കഥാപാത്രങ്ങളാണ് കഥയിലുള്ളത്. സിൻസിൻ, അവളുടെ അച്ഛനായ പർക്കുർ, കാമുകനായ തൊതവരിൽപ്പെട്ട പുരുഷൻ എന്നിവരാണവർ. നീലഗിരി മലകളിൽ സ്ഥിതി ചെയ്യുന്ന ചെറിയ ഒരു കുടിലിലാണ് സിൻസിനും പർക്കുറും ജീവിക്കുന്നത്. അസാമാന്യമായ അഴകുള്ള സിൻസിൻ, ആരോഗ്യത്തോടും ആനന്ദത്തോടുംകൂടിയാണ് അവിടെ വളർന്നുവന്നത്. സിൻസിൻ പൂർണ്ണനഗ്നയായിരിക്കുമ്പോൾ പ്രാചീന ദേവാലയത്തിൽ പ്രതിഷ്ഠിച്ച ഇറ്റാലിയൻ വീനസ്സിന്റെ വെണ്ണക്കൽ പ്രതിമയാണെന്നു തോന്നും. അഗ്നിനാളങ്ങളുടെ പ്രകാശത്തിൽ അവളുടെ വലംകവിളിൽ പച്ചകുത്തിയ ചന്ദ്രക്കല തെളിഞ്ഞുകാണും. കരിനാഗങ്ങളെപ്പോലെ അവളുടെ തലമുടിച്ചുരുൾ തൂങ്ങിക്കിടക്കും. സൗന്ദര്യത്തിന്റെ മൂർത്തീരൂപമായ കഥയിലെ നായികയായ സിൻസിനെക്കണ്ടാൽ എല്ലാ പുരുഷന്മാരും അവളുടെയഴകിൽ അഭിരമിച്ച് അത്ഭുതപ്പെട്ടു നിൽക്കും. ശരീരമനങ്ങി ജോലിയെടുക്കാൻ വിമുഖത കാട്ടുന്നവരാണ് തൊതവർ. അതിൽ ജോലിയെടുക്കാതെ അലസമായി ജീവിക്കുന്നവരിൽപ്പെട്ട ഒരാളാണ് സിൻസിൻ. വീട്ടിൽ ഭക്ഷണം പാകം ചെയ്യുക, മൂളിപ്പാട്ടും പാടി വെയിൽകാഞ്ഞുകൊണ്ട് മുറ്റത്തിരിക്കുക, അലഞ്ഞുനടക്കുക, മലകളിൽപ്പോയി വിറകു ശേഖരിക്കുക, അയൽപക്കത്തെ കുടിലുകളിലെ പെൺസുഹൃത്തുക്കളുമായി സംസാരിച്ചു നേരംപോക്കുക എന്നിങ്ങനെയുള്ള പ്രവൃത്തികളിലൂടെ അവളുടെ ജീവിതം മുന്നോട്ടുപോയി.

പർക്കുറും മലയിലെ മറ്റു പുരുഷന്മാരും സ്ത്രീകളും ചന്തയിലേക്കു പോയ ദിവസമാണ് കഥയിലെ നായകൻ നായികയെത്തേടിയെത്തുന്നത്. സിൻസിനപ്പോൾ കുടിലിന്റെ മുറ്റത്ത് തനിച്ചിരുന്ന് തുന്നൽപ്രവൃത്തിയിലേർപ്പെട്ടിരിക്കുകയായിരുന്നു. അവളുടെ മനസ്സ് പ്രണയചിന്തയിലകപ്പെട്ടിരുന്നു. കാട്ടുകിളികളുടെ ചൂളംവിളിയിൽ സിൻസിന്റെ മനസ്സിലെ സ്വപ്നങ്ങളുണർന്നു. പൊട്ടിയ ഒരു കഷ്ണം കണ്ണാടിയെടുത്ത് വെയിലിനുനേരെ കാട്ടി, അതിൽനിന്നും വരുന്ന പ്രകാശം അവൾ കുന്നിൻചെരുവുകളിലേക്കു പരത്താൻ തുടങ്ങി. തേൻകൂട് തിരഞ്ഞുനടന്നിരുന്ന ഒരു തൊതവന്റെ കണ്ണിലൂടെ അതിന്റെ പ്രതിഫലനം കടന്നുപോയി. അത് പ്രേമത്തിന്റെ പ്രകാശമാണെന്നും, ഏകാകിനിയായൊരു സ്ത്രീ നൽകുന്ന സന്ദേശമാണെന്നും അയാൾ തിരിച്ചറിഞ്ഞു. പിന്നീട് തേൻകൂട് തിരച്ചിൽ മതിയാക്കി പ്രേമപാരവശ്യത്തോടെ നായകൻ നായികയുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. കുറിഞ്ചിത്തിണയിലെ നായികാനായകന്മാരെപ്പോലെ ആദ്യ കാഴ്ച്ചയിൽത്തന്നെ അവർ പരസ്പരം ഇഷ്ടപ്പെടുന്നു. ഇരുവരും ശാരീരികബന്ധത്തിലേർപ്പെട്ടതിനുശേഷം നായകൻ അവളെ പിരിയുകയും, രാത്രി കാത്തിരിക്കാൻ അവളോട് പറഞ്ഞതിൻ പ്രകാരം നായകൻ വീണ്ടുംവന്ന് അവളെ മറ്റാരുമറിയാതെ വിവാഹം ചെയ്യാനായി കൂട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നു.

കുറിഞ്ചിയിലെ പ്രേമഭാവമായ സംയോഗംതന്നെയാണ് 'സമാഗമം' എന്ന കഥയുടെയും ഭാവമായി പരിണമിക്കുന്നത്. വിവാഹത്തിനുമുമ്പ് നടക്കുന്ന പ്രേമത്തിന്റെയും രഹസ്യസംഗമത്തിന്റെയും വിവാഹം നടന്നുകിട്ടാനായി നായിക നടത്തുന്ന പരിശ്രമങ്ങളുടെയും ആഖ്യാനമാണ് കുറിഞ്ചിപ്പാട്ടുകളുടെ ഉള്ളടക്കം. ഇണചേരലിലേക്കു വളരുന്ന കൂടിക്കാഴ്ചകൾ, പ്രേമിക്കുന്നവർ തമ്മിലുള്ള താത്കാലികമായ പിരിയൽ, പകൽ സംഗമം കഴിഞ്ഞ് രാത്രിയിലും നായികാനായകന്മാർ തമ്മിൽ കാണാൻ ശ്രമിക്കുന്ന രംഗങ്ങൾ എന്നിവയെല്ലാം

 ISSN No: 3049-0316 

കുറിഞ്ചിത്തിണയിൽ കാണാനാവും. കഥയുടെ ഉരിപ്പൊരുളും കുറിഞ്ചിത്തിണയ്ക്കു സമാനമാണെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഇത്തരത്തിൽ തിണസിദ്ധാന്തം മുൻനിർത്തി എസ്.കെ. പൊറ്റെക്കാട്ടിന്റെ 'സമാഗമം' എന്ന ചെറുകഥ പരിശോധിക്കുമ്പോൾ, കുറിഞ്ചിത്തിണയുടെ മുപ്പൊരുൾ കഥയുമായി പൊരുത്തപ്പെടുന്നുണ്ടെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുന്നു.

## ഗ്രന്ഥസൂചി


1. ഇളയപെരുമാൾ എം, പുലവർ എസ്സ്. ജി. സുബ്രഹ്മണ്യപിള്ള, തൊൽക്കാപ്പിയം വ്യാകരണം അലങ്കാരം വൃത്തം (വ്യാഖ്യാനം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
2. കൃഷ്ണൻ. പി. പ്രൊ., എസ്. കെ. പൊറ്റെക്കാട്ട് ജീവിതവും കൃതികളും, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002.
3. ശിശുപാലൻ. കെ., ദ്രാവിഡ കാവ്യശാസ്ത്രവും തിണസിദ്ധാന്തവും, ആത്മ ബുക്സ്, പുസ്തകലോകം, കോഴിക്കോട്, 2023.
4. പൊറ്റെക്കാട്ട്. എസ്. കെ., എസ്. കെ. പൊറ്റെക്കാട്ടിന്റെ കഥകൾ സമ്പൂർണ്ണം, ഡി. സി. ബുക്സ്, കോട്ടയം, 2023